ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ഫ ൪ ശതമാനത്തോളം കമ്മീഷൻ വകയിൽ കിട്ടേണ്ടതായിട്ടുണ്ട്.

ശ്രീ. ഇട്ടീരഅയ്യക്കൻ: ആസ്റ്റിൻ കമ്പനിയിൽനിന്നും വരുത്തിയിട്ടുള്ള മോട്ടോർ വാഹനങ്ങളെ സംബന്ധിച്ചു മൻമന്ത്രിണിയായിരുന്ന മിസ് ആനിമസ്ക്രീൻ ചില ആരോപണങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ? (അതായത് അതിൽ കുറെ പണം അപഹരിച്ചതായി).

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഗവൺമെണ്ടിലേക്ക് വരുത്തിയിട്ടുള്ള ഫ ഫ ൦ ബസ്സുകളിൽ ഫോർഡ് എത്ര, ആസ്റ്റിൻ എത്ര എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പറയാം.

ഫോർഡ്	൭ ൦
ആസ്റ്റിൻ	൫ ൦

സഹകരണസംഘങ്ങൾ

*ഫ൫ ൪. (൯ ൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാളിതുവരെ എത്ര കയർ വ്യവസായസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടുകയുണ്ടായി;

(ബി) ഓരോ സംഘത്തിനും എസ്റ്റാബ്ലിഷ്മെണ്ട് ചാർജിനും സംഘത്തിന്റെ പൊതു പ്രവർത്തനത്തിനും ആയി വല്ല ധനസഹായവും ഗവൺമെണ്ട് ചെയ്തുകയുണ്ടായോ;

(സി) എന്തെങ്കിലും ധനസഹായം ചെയ്യുവാൻ ഗവൺമെണ്ടുദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) രണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ശമ്പളച്ചിലവിനും മറ്റുമായി ൨, ൦ ൦ ൦ രൂപയും അതിനുംപുറമെ ഓരോ സംഘത്തിനും ഫ, ൦ ൦ ൦ രൂപാ വീതവും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഏതെങ്കിലും സംഘത്തിന് ഇതുവരെ വല്ല തുകയും ഗവൺമെണ്ടിൽനിന്നു കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടില്ലാ.

ശ്രീ. അലക്സാണ്ടർ വാകയിൽ: മേൽപറഞ്ഞ സംഘങ്ങളുടെ രജിസ്ട്രേഷൻ നടത്തിയിട്ട് എത്ര കാലമായിയെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വേണമെങ്കിൽ നോക്കിപറയാം.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിലുള്ള ഇത്തരം സംഘങ്ങൾക്കുവേണ്ടി പുനഃരുദ്ധാരണപദ്ധതിയനുസരിച്ചു നിശ്ചയിച്ചിട്ടുള്ള സംഖ്യ എത്രയാണെന്നും അതു കൊടുക്കാൻ വല്ല ആലോചനയും ഗവൺമെണ്ടിനുണ്ടോ എന്നു പറയാൻ മനസ്സുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: അതിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിച്ചിട്ടേ ഒരു മറുപടി നൽകാൻ സാധിക്കയുള്ളൂ.

പട്ടിണിത്തോട്

*ഫ ർ ന്യ. (ന ഫ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പറവൂർ താലൂക്കിലെ പട്ടിണിത്തോട് നന്നാക്കി വള്ളം വഴിയുള്ള യാത്ര സുഗമപ്രദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകകൊല്ലങ്ങളായി നിവേദനങ്ങൾ അയച്ചുകൊണ്ടിരിക്കുന്ന സംഗതി ഗവൺമെണ്ടിനറിയാമോ;

(ബി) ഏതെങ്കിലും സംഖ്യ ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി കൊള്ളിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ സംഖ്യയെത്ര; എന്തു ചെലവാക്കി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ), അറിയാം.

(ബി) ഇതിനുവേണ്ടി സംഖ്യ കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(സി) ഫ ഉ, ൦ ൦ ൦ രൂപ. ഇതിൽനിന്നും ഇതുവരെ ഒന്നും ചിലവു ചെയ്തിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: യാതൊരു സംഖ്യയും ചിലവാക്കിയിട്ടില്ലായെന്ന് പറയുന്നു. അതിനുള്ള കാരണം എന്താണെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: വല്ല പണിയും നടത്തിയിട്ടുള്ളതായി കൺട്രാക്ടറന്മാർ യാതൊരു ബില്ലും ഹാജരാക്കിയിട്ടില്ല. അതുകൊണ്ടാണ് ചിലവാകാത്തത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുവരെയായിട്ടും യാതൊരു പണിയും അവിടെ നടത്തിയില്ലായെന്നുള്ളതു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി കേശവൻ: പണി നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് ഗവൺമെണ്ടു് അന്വേഷിക്കാം.

ശ്രീ. എം. ഐ. പാഠം: പല മരാമത്തുവേലകൾക്കും ബഡ്ഡറിൽ പണം കൊള്ളിക്കുകയും വേല ആരംഭിക്കാതെ പണം ഒടുവിൽ ലാപ്സാക്കിക്കളയുകയുമാണ് ചെയ്യുന്നതെന്ന് അറിയാമോ?

ശ്രീ സി. കേശവൻ: ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പറവൂർ താലൂക്കിലെ പട്ടിണിത്തോടിനു് എത്ര മൈൽ നീളമുണ്ടെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു് വേണം.

മദ്യനിരോധനം

*ഫ ർ ൧. (ന ഉ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട എക്സൈസ്സ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സാമ്പത്തികവർഷത്തിൽ മദ്യനിരോധനം നിമിത്തം എന്തു സംഖ്യയാണ് ഗവൺമെണ്ടിനു് നഷ്ടം വന്നിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly